LIBRARY ARCHIVES Kerala Legislative Assembly

സബ് സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണം

179(3611) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചിക്കോട്ടിലെ 220 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മലമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഞ്ചിക്കോട് 220 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മലമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള 19 കിലോമീറ്റർ ലൈനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. അതിൽ 7 ടവർ സ്ഥാപിക്കേണ്ടതുണ്ട്. ടി ടവർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടന്നുവരികയാണ്. ടി 110 കെ.വി ലൈൻ വലിക്കുന്നത് ഭൂരിഭാഗവും നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളായതിനാൽ രണ്ടാംഘട്ട വിളവെടുപ്പിനുശേഷം പണി പുനരാരംഭിച്ച് 2022 ജൂൺ മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി.-യുടെ ലാഭ-നഷ്ട കണക്ക്

180(3612) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. ഓരോ വർഷവും രേഖപ്പെടുത്തിയ ലാഭം, നഷ്ടം എന്നിവ എത്രയാണെന്ന് അറിയിക്കുമോ; സഞ്ചിത ലാഭം, നഷ്ടം എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ?

2015-16 മുതൽ 2019-20 വരെയുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലാഭ-നഷ്ട കണക്കും സഞ്ചിത ലാഭ-നഷ്ട കണക്കും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2020-21-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി) വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതിക്കിടനൽകുന്ന തരത്തിൽ ബില്ലിംഗ് സംവിധാനത്തിൽ അപാകതകൾ ഉണ്ടാകാനിടയായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കുറയ്ക്കുന്നതിനോ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനോ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.